## വാ. 23—ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമായ ക്രിസ്തു, ക്രൂശിക്കപ്പെട്ട ക്രിസ്തുവാണ്

**I. 1 കൊരിന്ത്യർ 1:24-ൽ ക്രിസ്തുവിനെ ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമായി പരാമർശിക്കുന്നതിനുമുമ്പ് പൗലൊസ്, വാക്യം 23-ൽ പ്രഖ്യാപിക്കുന്നു: "ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു, അത് യെഹൂദന്മാർക്ക് ഇടർച്ചയും ജാതികൾക്ക് മൂഢത്തവും ആകുന്നു"**

- ദൈവത്തിന്റെ വ്യവസ്ഥ നിർവഹിക്കുന്നതിനു വേണ്ടിയുള്ള ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമായ ക്രിസ്തു ക്രൂശിക്കപ്പെട്ട ക്രിസ്തുവാണെന്ന്, തന്നെത്തന്നെ രക്ഷിക്കുവാൻ യാതൊന്നും ചെയ്യാത്ത ക്രിസ്തുവാണെന്ന്, ഇത് സൂചിപ്പിക്കുന്നു
- ഒരു വ്യക്തി ക്രൂശിക്കപ്പെടുന്നുവെങ്കിൽ, മനുഷ്യന്റെ ദൃഷ്ടിയിൽ അവൻ അശക്തനായി കണക്കാക്കപ്പെടുന്നു, കൂടാതെ, ജ്ഞാനിയായ ഒരു വ്യക്തി ക്രൂശുമരണം ഒഴിവാക്കുവാനുള്ള വഴികൾ കണ്ടെത്തും. എന്നിരുന്നാലും ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമായ ക്രിസ്തു ക്രൂശിക്കപ്പെട്ടു
- ക്രൂശിക്കപ്പെട്ട ക്രിസ്തു ദൈവത്തിന്റെ ശക്തിയാണ്—സാത്താൻ, ലോകം, പാപം, വീണുപോയ മനുഷ്യൻ, ജഡം, സ്വാഭാവിക ജീവൻ, പഴയ സൃഷ്ടി, ചട്ടങ്ങൾ എന്നിവയെ പരാജയപ്പെടുത്തി
- ക്രൂശിക്കപ്പെട്ട ക്രിസ്തു ദൈവത്തിന്റെ ജ്ഞാനമാണ്
  - ദൈവത്തിന്റെ ജ്ഞാനമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ നാം അനുഭവമാക്കുന്നിടത്തോളം, ക്രിസ്തു നമുക്ക് തന്റെ പദ്ധതി നിറവേറ്റുന്നതിനുള്ള ദൈവത്തിന്റെ ജ്ഞാനമായിത്തീരും
- ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ, അവന്റെ നാമം വിളിച്ചുകൊണ്ട് നാം അനുഭവമാക്കുമ്പോൾ, അവന്റെ ക്രൂശുമരണം നമ്മെ അവസാനിപ്പിക്കും. അവൻ ശക്തി മാത്രമല്ല, ജഡത്തിൽനിന്നും, സ്വാഭാവികജീവനിൽ നിന്നും, പഴയ സൃഷ്ടിയിൽനിന്നും നാം വിടുവിക്കപ്പെടാനുള്ള വഴി കൂടിയാണ്.

## വാ. 24—നാം ക്രിസ്തുവിന്റെ ശക്തിയും ജ്ഞാനവും അറിയുകയും അനുഭവമാക്കുകയും വേണം

**II. ദൈവത്താൽ വിളിക്കപ്പെട്ടവരെന്ന നിലയിൽ നാം ക്രിസ്തുവിന്റെ ശക്തിയും ജ്ഞാനവും അറിയുകയും അനുഭവമാക്കുകയും വേണം**

1 കൊരിന്ത്യർ. 1:24 എന്നാൽ വിളിക്കപ്പെട്ട, യെഹൂദന്മാർക്കും യവനന്മാർക്കും, ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു.

- 1 കൊരിന്ത്യർ 1:2-ൽ, ക്രിസ്തുവിലുള്ള വിശ്വാസികൾ വിളിക്കപ്പെട്ട വിശുദ്ധന്മാർ ആണ്, വിശുദ്ധന്മാരാകുവാൻ വിളിക്കപ്പെട്ടവരല്ല
  - ദൈവത്താൽ വിളിക്കപ്പെട്ടവർക്ക് ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമാണ്.
- വിളിക്കപ്പെട്ടവർ എന്നത് നിത്യതയിൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും കാലത്തിൽ ക്രിസ്തുവിൽ വിശ്വസിച്ചവരുമായ വിശ്വാസികളെ പരാമർശിക്കുന്നു
- ക്രൂശിക്കപ്പെട്ട ക്രിസ്തു നമ്മെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ദൈവത്തിന്റെ ശക്തിയും അവന്റെ പദ്ധതി നിറവേറ്റുന്നതിനു വേണ്ടിയുള്ള ദൈവത്തിന്റെ ജ്ഞാനവും ആണ്
  - ശക്തി എന്നത് പ്രാപ്തിയാണ്, ജ്ഞാനം എന്നത് വഴിയാണ്
  - ദൈവത്തിന്റെ വ്യവസ്ഥ നടപ്പിലാക്കുന്നതിനുള്ള ദൈവത്തിന്റെ ശക്തിയാണ് ക്രിസ്തു, അവൻ ദൈവത്തിന്റെ വ്യവസ്ഥ നടപ്പിലാക്കുന്നതിനുള്ള ദൈവത്തിന്റെ ജ്ഞാനം, അഥവാ ദൈവത്തിന്റെ വഴിയും ആണ്
- ദൈവത്തിന്റെ ശക്തിയായ ക്രിസ്തു നമ്മെ ഒരു ഊർജസ്വല ശക്തിയാൽ ബലപ്പെടുത്തുകയും, നാം ആയിരിക്കുന്നതിലും നാം ചെയ്യുന്നതിലും നമുക്ക് സഹായം നൽകുകയും നമ്മെ നിലനിർത്തുകയും ചെയ്യുന്നു
- ദൈവത്തിന്റെ ജ്ഞാനമായ ക്രിസ്തു, നമ്മുടെ അനുഭവത്തിൽ നമ്മുടെ ഇപ്പോഴുള്ളതും പ്രായോഗികവുമായ ജ്ഞാനമായിരിക്കുവാൻ ദൈവത്തിൽനിന്നും നമ്മിലേക്ക് ഇടവിടാതെ ഒഴുകുന്നു

## വാ. 30—ജ്ഞാനമായിത്തീർന്നത് മൂന്ന് സുപ്രധാന കാര്യങ്ങളായി ആണ്

**III. "അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ"—വാ. 30**

- ഈ വാക്യത്തിൽ, ക്രിസ്തു നമ്മുടെ ജ്ഞാനമായിത്തീർന്നുവെന്ന് പൗലൊസ് പറയുന്നില്ല; പകരം, ക്രിസ്തു "ദൈവത്തിൽനിന്ന് നമുക്ക്" ജ്ഞാനമായിത്തീർന്നു എന്ന് അവൻ പറയുന്നു
  - ദൈവത്തിൽനിന്ന് നമുക്ക് എന്ന പദപ്രയോഗം ഇപ്പോഴുള്ളതും, പ്രായോഗികവും, അനുഭവപരവും, പ്രസരണത്തിന്റെ മാർഗത്തിൽ തുടമാനവുമായ ഒന്നിനെ സൂചിപ്പിക്കുന്നു
  - ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായ ക്രിസ്തുവിനെ നിരന്തരം ആവശ്യമാണ്
- ദൈവത്തിന്റെ രക്ഷയിലെ മൂന്ന് സുപ്രധാന കാര്യങ്ങളായി ക്രിസ്തു ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു
  - നമ്മുടെ ഭൂതകാലത്തിനുവേണ്ടി—അവൻ നമ്മുടെ നീതിയാണ്. നാം ദിവ്യജീവൻ പ്രാപിക്കുവാൻ നമ്മുടെ ആത്മാവിൽ വീണ്ടുംജനിക്കേണ്ടതിന്, നാം ദൈവത്താൽ നീതീകരിക്കപ്പെട്ടിരിക്കുന്നു
  - നമ്മുടെ വർത്തമാനകാലത്തിനുവേണ്ടി—അവൻ നമ്മുടെ വിശുദ്ധീകരണമാണ്. നാം നമ്മുടെ ദേഹിയിൽ വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു, അവന്റെ ദിവ്യജീവനാൽ രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു
  - നമ്മുടെ ഭാവികാലത്തിനുവേണ്ടി—അവൻ നമ്മുടെ വീണ്ടെടുപ്പാണ്. നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പ്. അവന്റെ ദിവ്യജീവനാൽ നമ്മുടെ ശരീരത്തിൽ നാം കായാന്തരപ്പെടും
  - ദൈവത്താലാണ് ഇങ്ങനെയുള്ള സമ്പൂർണവും തികവുള്ളതുമായ രക്ഷയിൽ നാം പങ്കുകൊള്ളുന്നത്, അത് നമ്മുടെ മുഴുവൻ ആളത്തത്തെയും ജൈവികമായി ക്രിസ്തുവുമായി ഒന്നാക്കുകയും ക്രിസ്തുവിനെ നമുക്ക് സകലവുമാക്കുകയും ചെയ്യുന്നു